LIBRARY ARCHIVES Kerala Legislative Assembly

കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക തുക

184 (530) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് എത്ര തുക കുടിശ്ശിക ഇനത്തിൽ നൽകാനുണ്ട് ; എത്ര നാളത്തെ കുടിശ്ശിക തുകയാണ് നൽകാനുള്ളത് ;

(ബി) കരാറുകാർക്ക് സർക്കാർ നൽകുന്ന ചെക്കുകൾക്ക് ബാങ്കുകൾ ഡിസ്കൗണ്ട് നൽകുന്ന സമ്പ്രദായത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത സമ്പ്രദായപ്രകാരം തുക മുൻകൂർ നൽകുന്ന ബാങ്കുകൾ അമിത പലിശ ഈടാക്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഭരണ വകുപ്പുകളിൽനിന്നും ലഭിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 1-1-2014 മുതൽ 30-11-2014 വരെ 1582.36 കോടി രൂപയും ഇതേ കാലയളവിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 411.71 കോടി രൂപയും ജലവിഭവ വകുപ്പിൽ 1-1-2014 മുതൽ 31-8-2014 വരെ 110.78 കോടി രൂപയും ഉൾപ്പെടെ ആകെ 2104.85 കോടി രൂപ കുടിശ്ശികയുണ്ട്.

(ബി) കരാറുകാരുടെ ബില്ലുകൾ മാറിനൽകുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. ഈ കാലതാമസം ഒഴിവാകുന്നതിന് സർക്കാർ, ജി.ഒ.(പി) നമ്പർ 97/2015/ധന തീയതി 25-2-2015 എന്ന ഉത്തരവ് പ്രകാരം ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ആവിഷ്കരിച്ചിരിക്കുന്നു. ഇത് പ്രകാരം കരാറുകാരുടെ ചെക്ക് തുകയുടെ ഒരു നിശ്ചിത ശതമാനം തുക ബാങ്ക് ഡിസ്കൗണ്ട് ചെയ്തതിനുശേഷം കരാറുകാർക്ക് ബാക്കി തുക നൽകുന്നു. ഇപ്രകാരം ഡിസ്കൗണ്ട് ചെയ്യുന്ന തുകയുടെ 25% സർക്കാർ വഹിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നോട്ടെണ്ണൽ യന്ത്രങ്ങൾ വാങ്ങൽ

185 (531) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ സർക്കാർ സ്ഥാപനങ്ങൾ, ട്രഷറികൾ എന്നിവയ്ക്കായി എത്ര നോട്ടെണ്ണൽ യന്ത്രങ്ങൾ വാങ്ങി എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത യന്ത്രങ്ങൾ വാങ്ങുന്നതിനായി ആകെ എത്ര തുക ചെലവഴിച്ചുവെന്നും അവ ഓരോന്നിനും എത്ര തുക നൽകിയെന്നും വെളിപ്പെടുത്തുമോ ;

(സി) ഓരോ യന്ത്രത്തിലും പരമാവധി എത്ര കറൻസിനോട്ടുകൾ എണ്ണാൻ കഴിയുമെന്നും, ഓരോ യന്ത്രവും ഏതൊക്കെ സ്ഥാപനങ്ങൾക്കുവേണ്ടി എവിടെ നിന്നാണ് വാങ്ങിയതെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ട്രഷറി ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ 23 ജില്ലാ ട്രഷറികളിലേക്കായി 23 ബണ്ടിൽ കൗണ്ടിംഗ് മെഷീൻ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഓരോന്നിനും 31,908 രൂപ നിരക്കിൽ ആകെ 7,33,884 (ഏഴ് ലക്ഷത്തി മുപ്പത്തി മൂവായിരത്തി എണ്ണൂറ്റി എൺപത്തി നാല് രൂപ മാത്രം) രൂപ വിലയായിട്ടുണ്ട്. ടി തുക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഓരോ യന്ത്രത്തിലും പരമാവധി 150 കറൻസികൾ ഒറ്റത്തവണ എണ്ണാൻ കഴിയും. 4 സെക്കന്റ് കൊണ്ട് 100 കറൻസികൾ എണ്ണാൻ കഴിയുന്നതാണ്. ഓരോ യന്ത്രവും താഴെപ്പറയുന്ന സ്ഥാപനങ്ങൾക്കായി വാങ്ങിയിട്ടുണ്ട് :

ക്രമ നമ്പർ	സ്ഥാപനം
(1)	(2)
1	ജില്ലാ ട്രഷറി, തിരുവനന്തപുരം
2	റൂറൽ ജില്ലാ ട്രഷറി, കാട്ടാക്കട
3	റൂറൽ ജില്ലാ ട്രഷറി, കൊട്ടാരക്കര
4	ജില്ലാ ട്രഷറി, കൊല്ലം
5	ജില്ലാ ട്രഷറി, ആലപ്പുഴ
6	ജില്ലാ ട്രഷറി, കോട്ടയം
7	റൂറൽ ജില്ലാ ട്രഷറി, ചെങ്ങന്നൂർ
8	റൂറൽ ജില്ലാ ട്രഷറി, പത്തനംതിട്ട
9	റൂറൽ ജില്ലാ ട്രഷറി, പാലാ

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
10	ജില്ലാ ടഷറി, ഇടുക്കി
11	ജില്ലാ ടഷറി, എറണാകുളം
12	റൂറൽ ജില്ലാ ടഷറി, മൂവാറ്റുപുഴ
13	ജില്ലാ ടഷറി, തൃശ്ശൂർ
14	ജില്ലാ ടഷറി, പാലക്കാട്
15	ജില്ലാ ടഷറി, മലപ്പുറം
16	ജില്ലാ ടഷറി, കോഴിക്കോട്
17	റൂറൽ ജില്ലാ ടഷറി, താമരശ്ശേരി
18	ജില്ലാ ടഷറി, വയനാട്
19	ജില്ലാ ടഷറി, കണ്ണൂർ
20	റൂറൽ ജില്ലാ ടഷറി, ചെർപ്പുളശ്ശേരി
21	റൂറൽ ജില്ലാ ടഷറി, ഇരിങ്ങാലക്കുട
22	റൂറൽ ജില്ലാ ടഷറി, മട്ടന്നൂർ
23	ജില്ലാ ടഷറി, കാസർഗോഡ്

കേന്ദ്ര സർക്കാരിന്റെ DGS&D നിരക്കിൽ വിതരണാവകാശമുള്ള തിരുവനന്തപുരത്തെ INFRES METHODEX LIMITED എന്ന സ്ഥാപനം മുഖേനയാണ് പ്രസ്തുത കറൻസി കൗണ്ടിംഗ് മെഷീനുകൾ വാങ്ങിയിട്ടുള്ളത്.

പ്രാദേശികമായി മുൻഗണന നൽകേണ്ട ചെറുകിട പ്രവൃത്തികൾ

186 (532) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രാദേശികമായി മുൻഗണന നൽകേണ്ട ചെറുകിട പ്രവൃത്തികൾ തദ്ദേശ തലത്തിൽ ഏറ്റെടുത്ത് നടത്തുന്നതിന് 2014-2015-ലെ ബഡ്ജറ്റിൽ മാറ്റിവച്ച 5 കോടി രൂപയുടെ പ്രവൃത്തികളിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചു ; വിശദമാക്കുമോ ; ഇതിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് എന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

ഉത്തരം

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly